ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) നടപടി സ്വീകരിച്ചു വരുന്നു.

കായംകുളം ആശുപത്രി കെട്ടിടത്തിന്റെനിർമ്മാണം

135 (793)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിലെ കായംകുളം ഗവൺമെന്റ് ആശുപത്രി, കണ്ടല്ലൂർ പ്രാഥമിക ആരോഗ്യകേന്ദ്രം എന്നിവയുടെ അഭിവൃദ്ധിക്കായി ആരോഗ്യവകുപ്പു സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) കായംകുളം ആശുപത്രിയിൽ 100 കിടക്കകൾ ഉള്ള മൂന്നുനില മന്ദിരത്തിന്റെ പണി ദീർഘകാലമായി സ്തംഭിച്ചു നിൽക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(സി) 1995 മുതൽ ഇതിനായി സർക്കാരും കായംകുളം മുനിസിപ്പാലിറ്റിയും എന്തു തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; അതിൽ ചെലവഴിക്കാത്തത് എത്രയാണ്;

(ഡി) ഈ ആശുപത്രിക്ക് അനുവദിച്ച തുക ചെലവഴിച്ച് കെട്ടിടം നിർമ്മിക്കാത്ത മരാമത്ത് കെട്ടിട വിഭാഗം ഉദ്യോഗസ്ഥൻമാരുടേയും കോൺട്രാക്ടറുടെയും ആരോഗ്യവകുപ്പിലെ ബന്ധപ്പെട്ടവരുടേയും വീഴ്ചകളെപ്പറ്റി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം ഗവൺമെന്റ് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ എല്ലാ നടപടികളും കാലാകാലങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്. 23.3.99-ൽ സിംഫണി 9 എം.എഫ്.ടി. അൾട്രാസൗണ്ട് സ്കാനർ സ്ഥാപിച്ചിട്ടുണ്ട്.

കണ്ടല്ലൂർ പി.എച്ച്.സി.യ്ക്ക് 36 ബെഡ്ഡുകളോടുകൂടിയ ഒരു ഐ.പി. വാർഡ് കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആവശ്യത്തിനുള്ള സ്റ്റാഫിനെയും പോസ്റ്റ് ചെയ്തിട്ടുണ്ട്. 27.3.2000 ലെ ജി.ഒ (എം.എസ്) 81/2000/ആ.കു.വ പ്രകാരം താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1.	മെഡിക്കൽ ഓഫീസർ	-	1
2.	സ്റ്റാഫ് നഴ്സ്	-	5
3.	നഴ്സിംഗ് അസിസ്റ്റന്റ്	-	2
4.	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്	-1	-1
5.	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്	-2	-2

(ബി) പണി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി)

വർഷം	ലഭിച്ചതുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
95-96	8 ലക്ഷം	7.46 ലക്ഷം
96-97	11 ലക്ഷം	10.86 ലക്ഷം
97-98	11.29 ലക്ഷം	12.31 ലക്ഷം
98-99	20 ലക്ഷം	11.74 ലക്ഷം
99-2000	.....	.....
2000-2001	8.5 ലക്ഷം	.....

മുനിസിപ്പാലിറ്റി ഇതിനുവേണ്ടി നാളിതുവരെ തുക അനുവദിച്ചിട്ടില്ല.

(ഡി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പു ഉദ്യോഗസ്ഥൻമാരുടെയോ പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥൻമാരുടെയോ ഭാഗത്തുനിന്ന് യാതൊരു വീഴ്ചകളും ഇതുവരെ ഉണ്ടായതായി റിപ്പോർട്ടു ചെയ്തിട്ടില്ല.

തിരുവല്ലാ താലൂക്കു ഗവൺമെന്റ് ആശുപത്രിയിൽ അസിസ്റ്റന്റ് സർജന്റെ ഒഴിവ്

136 (794)ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫസ്റ്റ് റഫറൽ യൂണിറ്റായി ഉയർത്തിയിട്ടുള്ള തിരുവല്ലാ താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ഒരു അസിസ്റ്റന്റ് സർജന്റെ ഒഴിവ് നാളുകളായിട്ടും നികത്തിയിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly